# ജനങ്ങളും ഭാഷയും

എം. എൻ. കാരശ്ശേരി



ജനങ്ങളും ഭാഷയും

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karasseri

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Study for “Negro Boy Dancing”: The Banjo Player, a painting by Thomas Eakins (1844–1916). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ജനങ്ങളും ഭാഷയും

ജനങ്ങളാണ് ഭാഷ സൃഷ്ടിക്കുന്നത് എന്നു പറയാറുണ്ട്. പഴഞ്ചൊല്ല്, കടംകഥ, ശൈലി, നാടൻപാട്ട് തുടങ്ങിയവ ജനങ്ങളുടെ സൃഷ്ടിയാണ്; ജനങ്ങൾ ഇപ്പോഴും ഉണ്ടല്ലോ. എന്തുകൊണ്ടാണവർ ഇപ്പോൾ ഭാഷ സൃഷ്ടിക്കാത്തത്?

ജനങ്ങൾ ഇപ്പോൾ ഭാഷ സൃഷ്ടിക്കുന്നില്ലെന്നാരു പറഞ്ഞു?

വ്യക്തി ഒറ്റയ്ക്കല്ലാതെ, അനേകം വ്യക്തികളുടെ കൂട്ടായ്മയായ സമൂഹം വല്ലതും സൃഷ്ടിക്കുമ്പോൾ അതിനെ 'സമൂഹസൃഷ്ടി' എന്നു പറയുന്നു. ഇതിനെത്തന്നെയാണ് ജനങ്ങളുടെ സൃഷ്ടി എന്നു വിളിക്കുന്നത്. ഈ അടുത്തകാലത്ത് പുതിയ അർത്ഥം കൈവന്ന ചെത്ത്, കത്തിച്ചു, കലക്കി തുടങ്ങിയ പ്രയോഗങ്ങൾ നോക്കുക. 'ചെത്ത്' എന്ന വാക്കിന് മൂർച്ചയുള്ള ആയുധംകൊണ്ട് കല്ലോ മരമോ മറ്റോ മുറിക്കുക എന്ന അർത്ഥം നിലനില്ക്കെത്തന്നെ 'ഉല്ലാസപൂർവ്വം ചുറ്റിത്തിരിയുക' എന്ന് പുതിയൊരർത്ഥം ഉണ്ടായിവന്നിരിക്കുന്നു. കത്തിച്ചു, കലക്കി എന്നിവയ്ക്ക് പഴയ അർത്ഥം നിലനില്ക്കുമ്പോൾത്തന്നെ അതിന് വിപരീതം എന്നു പറയാവുന്ന വളരെ നന്നായി, ഗംഭീരമായി എന്നീ താൽപര്യങ്ങൾ വന്നുചേർന്നിരിക്കുന്നു. ഉദാഹരണം:

1. ഗാനമേള കത്തിച്ചു.
2. വേഷം കലക്കി.

'അടിപൊളി' എന്നത് പുതിയൊരു സമസ്തപദമാണ്—നേരത്തേയുള്ള അടി, പൊളി എന്നീ പദങ്ങൾ ചേർന്നുണ്ടായത്. അർത്ഥത്തിന് അടിയുമായോ പൊളിയുമായോ ബന്ധമില്ല. നേരത്തേ 'തല്ലിപ്പൊളി'യേ ഉള്ളൂ. 'അടിപൊളി'യില്ല. തല്ലിപ്പൊളിക്കുള്ളതിന്റെ നേർവിപരീതമാണ് അടിപൊളിയുടെ അർത്ഥം—'ജോർ' എന്ന്! 'അടിപൊളി' എന്ന വാക്കിന് രൂപംകൊടുത്തതും മേൽപ്പറഞ്ഞ പദങ്ങൾക്ക് പുതിയ അർത്ഥം കല്പിച്ചതും ഏതെങ്കിലും വ്യക്തിയല്ല, ജനങ്ങളാണ്.

ജനങ്ങൾക്ക് ഭാഷയിലുള്ള സൃഷ്ടിശേഷി വെളിപ്പെടുന്ന വെറെ മേഖലകളുണ്ട്. ചില മാതൃകകൾ

1. **മുദ്രാവാക്യങ്ങൾ:** സമരങ്ങളോ പ്രതിഷേധങ്ങളോ ജാഥകളോ രൂപം കൊള്ളുമ്പോൾ ആളുകൾ ഒത്തുചേർന്ന് ഒരു പ്രത്യേകതാളത്തിൽ മുദ്രാവാക്യം വിളിക്കും. കേട്ടുപഠിച്ചതോ എഴുതിത്തയ്യാറാക്കിയതോ ആയ മുദ്രാവാക്യങ്ങൾക്കൊപ്പം ആ സമൂഹം സഹജവാസനകൊണ്ടെന്നപോലെ പുതിയ മുദ്രാവാക്യങ്ങൾ ഉണ്ടാക്കി വിളിക്കുന്നതു കാണാം. ഇത് പിന്നെ പ്രചാരം നേടി നിലനില്ക്കുന്നു. അരനൂറ്റാണ്ടു മുമ്പ് നടന്ന വിമോചനസമരകാലത്തെ 'അങ്കമാലിക്കല്ലറയിൽ ഞങ്ങടെ സോദരരുണ്ടെങ്കിൽ' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഇപ്പോഴും ജനങ്ങളുടെ ഓർമ്മയിലുണ്ട്. അതിന്റെ സമ്പ്രദായത്തിൽ ഇപ്പൊഴും മുദ്രാവാക്യങ്ങൾ വാർന്നുവീഴുന്നുണ്ട്.
2. **സ്ഥലപ്പേരുകൾ:** ഇപ്പോഴും പുതിയ സ്ഥലപ്പേരുകൾക്ക് ജനങ്ങൾ രൂപം നല്കുന്നുണ്ട്. ഈനാംപേച്ചിയെ പിടിച്ചത് വലിയ വാർത്തയായി. അതിനെ കാണാൻവേണ്ടി ധാരാളം ആളുകൾ ഒരു സ്ഥലത്ത് ഇറങ്ങിയപ്പോൾ പിറവികൊണ്ട ബസ്സ്റ്റോപ്പിന് നിമിഷംകൊണ്ട് പേരായി 'ഈനാംപേച്ചിമുക്ക്' മതഭീകരവാദികളാൽ കൊല്ലപ്പെട്ട ചേകന്നൂർ മൗലവിയുടെ ഭൗതികാവശിഷ്ടങ്ങൾക്കുവേണ്ടി സി. ബി. ഐ. ചുവന്നകുന്നിൽ മണ്ണുമാന്തുന്ന സന്ദർഭം. ധാരാളം അളുകൾ അതിനടുത്ത് ഇറങ്ങിയതിനാൽ അവിടെ ഒരു ബസ്സ്റ്റോപ്പ് ഉണ്ടായി. ജനങ്ങളിട്ട പേര്: 'ചേകന്നൂർപ്പടി.' കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് സമീപമുള്ള 'പടിക്കൽ' ബസ്സ്റ്റോപ്പിന്റെ തൊട്ടപ്പുറത്ത് സർക്കാർ ആയുർവ്വേദ ആശുപത്രി വന്നു. അവിടെ ബസ്സ്റ്റോപ്പ് ഉണ്ടായതും ആളുകൾ പേരിട്ടു: 'കഷായപ്പടി'
3. **മാറ്റപ്പേരുകൾ:** ചില വ്യക്തികളെ ബഹുമാനിച്ചോ പരിഹസിച്ചോ ഉരുവംകൊള്ളുന്ന പേരുകൾ സമൂഹത്തിന്റെ രചനയാണ്.

   'സഖാവ്' എന്നുപറഞ്ഞാൽ പി. കൃഷ്ണപിള്ളയാണെന്നും 'ലീഡർ' എന്നു പറഞ്ഞാൽ കെ. കരുണാകരൻ ആണെന്നും വ്യവസ്ഥപ്പെടുത്തിയത് ഏതെങ്കിലും വ്യക്തിയോ പാർട്ടിയോ അല്ല, ആളുകളാണ്.

   പണ്ട് ഞങ്ങളുടെ അയൽദേശത്ത് തെങ്ങോലകൊണ്ടുണ്ടാക്കിയ 'വാച്ചും' കെട്ടി നടക്കുന്ന പാത്തു എന്നൊരു പിച്ചക്കാരിയുണ്ടായിരുന്നു. അവരിടയ്ക്കിടെ വാച്ച് നോക്കും. ആർ എപ്പോൾ സമയം ചോദിച്ചാലും പറയും: 'പത്തര' അവർക്ക് 'പത്തരപ്പാത്തു' എന്ന് പേരായി.

   മാവിൻകൊമ്പത്ത് കയറുകെട്ടി ചാവാൻ ഒരുങ്ങുന്നതിനിടയിൽ രാമൻ കയറുപൊട്ടി നിലത്തു വീണു. ജീവിതത്തിലേക്ക് മടങ്ങിവന്ന അയാൾ ശിഷ്ടകാലം മുഴുവൻ ജനങ്ങൾ ചാർത്തിക്കൊടുത്ത ആ തമാശപ്പേരുമായി ജീവിക്കേണ്ടിവന്നു: 'തൂങ്ങിച്ചത്തരാമൻ.'
4. **ഫലിതങ്ങൾ:** ഇപ്പോഴും ഫലിതങ്ങൾക്ക് സമൂഹം രൂപംകൊടുക്കുന്നുണ്ട് എന്നതിന് 'സീതിഹാജിക്കഥകൾ' തെളിവുതരും. അവയിൽ മഹാഭൂരിപക്ഷവും സീതിഹാജിയെ കഥാപാത്രമാക്കി സമൂഹം പറഞ്ഞുണ്ടാക്കിയതാണ്.

   ഒരുദാഹരണം: മുസ്ലിംലീഗിന്റെ ഒരു കമ്മിറ്റിയോഗം. എന്തെങ്കിലും സമരം ഉണ്ടാക്കിയാൽ മാത്രമേ പ്രതിപക്ഷത്തിരിക്കുമ്പോൾ ജനശ്രദ്ധ കിട്ടൂ എന്ന് യൂത്ത്‌ലീഗുകാർ വാദിച്ചു: "കഴിഞ്ഞയാഴ്ച ഡി. വൈ. എഫ്. ഐ.ക്കാർ റെയിൽ തടഞ്ഞിരുന്നു. അതുപോലെ വല്ലതും."

   ഉടനെ അധ്യക്ഷൻ സീതിഹാജി ചാടിയെണീറ്റു: "ഇജ്ജി ആ വർത്തമാനം മാത്രം പര്യണ്ടാ. കമ്യൂണിസ്റ്റുകാരെ ചോന്ന കൊടി കണ്ടാല് വണ്ടി ആടെ നിക്കും. ഞമ്മളെ പച്ചക്കൊടി കണ്ടാല് വണ്ടി ങ്ങട്ട് ബർആ ചെയ്യാ ആ സമരം ഞമ്മക്ക് മാണ്ട."

ഇതുപോലെ സമൂഹത്തിന് ഭാഷാപ്രയോഗങ്ങളിലുള്ള സർഗ്ഗസാമർത്ഥ്യം വെളിപ്പെടുന്ന വേളകൾ അനവധിയാണ്. അത്തരം ഉദാഹരണങ്ങൾ പലതും ചുറ്റിലും ഉണ്ടായിരിക്കെ, ജനങ്ങൾ ഇന്ന് ഭാഷ സൃഷ്ടിക്കുന്നില്ല എന്ന് എങ്ങനെ പറയും?

□

## എം. എൻ. കാരശ്ശേരി



മലയാളത്തിലെ എഴുത്തുകാരനും ഭാഷാപണ്ഡിതനും സാമൂഹിക നിരീക്ഷകനും. മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ 1951 ജൂലൈ 2-ന് എൻ. സി. മുഹമ്മദ് ഹാജിയുടെയും കെ. സി. ആയിശക്കുട്ടിയുടെയും മകനായി ജനിച്ചു. കോഴിക്കോട് മാതൃഭൂമിയിൽ സഹപത്രാധിപരായി ജോലി ചെയ്തിട്ടുണ്ട് (1976–78). 1978-ൽ, കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് മലയാള വിഭാഗത്തിൽ അധ്യാപകനായി. തുടർന്ന് കോടഞ്ചേരി ഗവണ്മെന്റ് കോളേജ്, കോഴിക്കോട്, ഗവണ്മെന്റ് ഈവനിങ് കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നു ഡോക്റ്ററേറ്റ് ലഭിച്ചു. 1986 മുതൽ കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗത്തിൽ അദ്ധ്യാപകനായിരുന്നു. അലീഗഢ് സർവകലാശാലയിലെ പേർഷ്യൻ സ്റ്റഡീസ് വിഭാഗത്തിൽ വിസിറ്റിങ് പ്രഫസറായി പ്രവർത്തിച്ചു.

മാപ്പിള സാഹിത്യം, മാപ്പിള ഫലിതം, മതം, വർഗീയത, മതേതരത്വം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് ആനുകാലികങ്ങളിലും പത്രങ്ങളിലും ലേഖനങ്ങൾ എഴുതാറുണ്ട്. എഴുപതിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

ഭാര്യ: ഖദീജ. മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്. മരുമക്കൾ: ഷാജി, അശ്വതി സേനൻ, റൈഷ. പേരക്കുട്ടികൾ: അസീം, ഹംറാസ്, സൽമ.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014